പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6919 10.07.2014 ലെ മറുപടിക്ക്

## അംബേദ്കർ ഭവൻ പദ്ധതിക്ക് നീക്കി വച്ച തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) | അംബേദ്കർ ഭവൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) | അഖിലേന്ത്യാ സർവ്വീസിലേക്കുള്ള പരീക്ഷകൾക്ക് പരിശീലനം നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് ട്രെയിനിംഗ് സൊസൈറ്റി ആദ്യഘട്ടത്തിൽ പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ മാധ്യമ മേഖലയിൽ തൊഴിൽ സാദ്ധ്യതയേറിയ കോഴ്സുകൾ നടത്തുന്ന ഒരു സ്ഥാപനം ആരംഭിയ്ക്കാനും ഉദ്ദേശിക്കുന്നുണ്ട്. ആഡിറ്റോറിയം, ലേണിംഗ് സെന്റർ, മ്യൂസിയം, ആർട്ട് ഗ്യാലറി എന്നിവ ആരംഭിയ്ക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് മുതൽ ആരംഭിച്ചുവെന്ന് പറയാമോ; | (ബി) | 2003-04 സാമ്പത്തിക വർഷം മുതലാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. |
| (സി) | പ്രസ്തുത പദ്ധതിക്കായി 2013-14 വർഷം എത്ര തുക നീക്കിവച്ച എന്നും ആയതിൽ എത്ര തുക ചെലവഴിച്ചു എന്നും ഏതെല്ലാം പരിപാടികൾക്കാണ് ഈ തുക വിനിയോഗിച്ചതെന്നും പറയാമോ; | (സി) | 2013-14 വർഷം 'അംബേദ്കർ ഭവനാ'യി പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല. എന്നാൽ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററിനുവേണ്ടി ക്ലാസ്സ് റൂമുകൾ, ലൈബ്രറി, ഫാക്കൽറ്റി റൂം, കമ്പ്യൂട്ടർ ലാബ്, റിസപ്ഷൻ എന്നിവയുടെ ഇന്റീരിയർ ഫർണിഷിംഗ്, പെയിന്റിംഗ് എന്നീ നിർമ്മാണ ജോലികൾക്കായി 35 ലക്ഷം രൂപ 2225-01-001-94 (പി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് സ. ഉ. (ആർ.റ്റി) 322/14/പജപവവിവ. തീയതി 21.02.2014 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇലക്ഷൻ പ്രഖ്യാപനം വന്നതിനാൽ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ടി സർക്കാർ ഉത്തരവ് റിവാലിഡേറ്റ് ചെയ്യുന്ന വിഷയം പരിഗണനയിലാണ്. |
| (ഡി) | 2014-15 വർഷത്തിൽ ഈ പദ്ധതിക്കായി നീക്കിവച്ച തുക എത്രയെന്നും ഏതെല്ലാം പദ്ധതിക്കായി എത്രവീതം ചെലവഴിച്ചു വെന്നും വ്യക്തമാക്കാമോ? | (ഡി) | 2014-15 വർഷം 'അംബേദ്കർ ഭവനാ'യി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. എന്നാൽ, 2225-01-001-94 (പി) എന്ന ശീർഷകത്തിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി 1,17,500/- രൂപ KSEB യ്ക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ